പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 82</u> <u>28.09.2011-ൽ മറുപടിക്ക്</u>

## <u>ഗ്ലോബൽ ഹെൽത്ത് സ്റ്റാറ്റിസ്റ്റിക് റിപ്പോർട്ട്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ :<br>ശ്രീ.സി.ദിവാകരൻ :<br>ശ്രീ.ഇ.കെ.വിജയൻ :<br>ശ്രീ.പി.തിലോത്തമൻ : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) യു.എൻ-ന്റെ കീഴിലുള്ള ലോകാരോഗ്യ സംഘടന കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച ഗ്ലോബൽ ഹെൽത്ത് സ്റ്റാറ്റിസ്റ്റിക് റിപ്പോർട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് കാൻസർ, ഡയബറ്റീസ്, കാർഡിയോ വാസ്കലാർ ഡിസീസസ് ആന്റ് സ്ട്രോക് (എൻ.പി.സി.ഡി.സി.എസ്) എന്ന പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് എന്തെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ക്യാൻസർ,ഡയബറ്റീസ്, കാർഡിയോ വാസ്കുലാർ ഡിസീസസ് ആന്റ് സ്ട്രോക്ക് (എൻ.പി.സി.ഡി.സി.എസ്) പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് പത്തനംതിട്ട ജില്ലയിലാണ് പ്രസ്തുത ആരോഗ്യ പദ്ധതി ആദ്യം നടപ്പാക്കുന്നത്. ഇതിലേയ്ക്കായി ഇതുവരെ കേന്ദ്ര സർക്കാരിൽ നിന്നും 167.31 ലക്ഷം രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഡോ.എസ്.എ. ഹാഫീസ്, (അസിസ്റ്റന്റ് ഡി.എച്ച്.എസ്) സ്റ്റേറ്റ് നോഡൽ ഓഫീസറായി സർക്കാർ നിയമിച്ചിട്ടുണ്ട്.<br>പത്തനംതിട്ട ജില്ലയിൽ പ്രാരംഭ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ കീഴിൽ ആരംഭിച്ച് കഴിഞ്ഞു. തുടർന്ന് ഈ പദ്ധതി കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിലാണ് നടപ്പിലാക്കാനായി ഉദ്ദേശിച്ചിട്ടുള്ളത്. പത്തനംതിട്ട ജില്ലയിൽ, ജനറൽ ആശുപത്രിയിൽ നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് ക്ലീനിക്കും സി.സി.യു-വും പ്രവർത്തന സജ്ജമാക്കുന്നുണ്ട്. ജനറൽ ആശുപത്രിയിൽ സി.സി.യു നിർമ്മിക്കുന്നതിലേയ്ക്കായി 18.90 ലക്ഷം രൂപ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 4.72 ലക്ഷം രൂപ നൽകി കഴിഞ്ഞു. പത്തനംതിട്ട ജില്ലയിൽ സബ്സെന്ററുകളിലെ ഉപയോഗത്തിനായി കേന്ദ്രത്തിൽ നിന്നും 200 ഗ്ലൂക്കോ മീറ്ററുകളും 1,60,000 ഗ്ലൂക്കോസ് |

സ്ലിപ്സും, 18,40,000 ലാൻസെറ്റും ലഭിച്ചുകഴിഞ്ഞു.

പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഡിസ്ട്രിക്ട് കാൻസർ ഫെസിലിറ്റിയും ആരംഭിക്കുന്നതാണ്. ഇതിന് പുറമേ ജനറൽ ആശുപത്രിയിൽ ലാബ് സൗകര്യങ്ങൾ കൂടുതൽ വിപുലപ്പെടുത്തുന്നതാണ്.

മൂന്നു തലത്തിലുള്ള പ്രവർത്തനങ്ങളാണ് പദ്ധതി നടപ്പിലാക്കുന്ന ജില്ലയിൽ ഉണ്ടാവുക

1. സബ്സെന്റർ തലം

രക്ത സമ്മർദ്ദവും പ്രമേഹവും നിർണ്ണയിക്കുന്നതിനായി ഓപ്പർറ്റ്യൂണിസ്റ്റിക് സ്ക്രീനിംഗും, ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും ഇതോടൊപ്പം ചെയ്യുന്നു. പത്തനംതിട്ട ജില്ലയിലെ 230 സബ് സെന്ററുകളിൽ ഈ പ്രവർത്തനം വ്യാപിപ്പിക്കുന്നു. ഇവിടെ കണ്ടെത്തുന്ന രോഗികളെ സി.എച്ച്.സി കളിലേയ്ക്ക് റഫർ ചെയ്യുന്നതാണ്.

2. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ തലം

പത്തനംതിട്ട ജില്ലയിലെ 13 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ പകർച്ചേതര വ്യാധികളുടെ ചികിത്സക്കായുള്ള നോൺ കമ്മ്യൂണിക്കബിൾ ഡിസീസ്സ് ക്ലീനിക്കുകൾ എല്ലാ ദിവസവും പ്രവർത്തിപ്പിക്കുന്നതാണ്. ഇതിനായി കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരേയും, നഴ്സുമാരെയും നിയമിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങളും ആരംഭിച്ച കഴിഞ്ഞു. ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതും ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും, റഫറൽ സൗകര്യവും ഉണ്ടാവുന്നതാണ്.

3. ജില്ലാതലം

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ എല്ലാ ദിവസവും പ്രവർത്തിക്കുന്ന നോൺ കമ്മ്യൂണിക്കബിൾ ഡിസീസ്സ് ക്ലീനിക്കും, കാൻസർ കൺട്രോൾ യൂണിറ്റ്, ജില്ലാ കാൻസർ ഫെസിലിറ്റി, ലാബ് സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ മുതലായവ ഉണ്ടാവുന്നതാണ്. ഇതിനാവശ്യമായ ഡോക്ടർമാരേയും നേഴ്സുമാരേയും, കൗൺസിലർ, ഫിസിയോതെറാപ്പിസ്റ്റ് എന്നിവരേയും കരാറടിസ്ഥാനത്തിൽ നിയമിക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങളും ആരംഭിച്ച കഴിഞ്ഞു.

ഇത്തരം പ്രവർത്തനങ്ങൾ പദ്ധതി നടപ്പിലാകുന്ന മറ്റ് ജില്ലകളിലും ഉണ്ടാകുന്നതാണ്.

സെക്ഷൻ ഓഫീസർ